**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2552** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി - കുസും പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനമന്ത്രി - കുസും പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാകുന്ന സേവനങ്ങൾ, പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (എ) | സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് PM-KUSUM പദ്ധതി. PM-KUSUM പദ്ധതിയിൽ താഴെപ്പറയുന്ന മൂന്ന് ഘടകങ്ങൾ ഉൾക്കൊള്ളുന്നു. Component - A: സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന, കർഷകരുടെ കൃഷിയോഗ്യമല്ലാത്തതോ തരിശ്ശോ ആയ ഭൂമിയിൽ, 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയമോ മറ്റ് പുനരുപയോഗ ഊർജ്ജാധിഷ്ഠിത നിലയങ്ങളോ സ്ഥാപിച്ച് 10000 മെഗാവാട്ട് ശേഷി കൈവരിക്കുന്ന പദ്ധതി. Component - B: 17.50 ലക്ഷം സോളാർ അഗ്രികൾച്ചർ പമ്പുകൾ (7.5 എച്ച്.പി. വരെ ശേഷിയുള്ളവ) സ്ഥാപിക്കൽ. Component - C: നിലവിലുള്ള10 ലക്ഷം ഗ്രിഡ് കണക്റ്റഡ് അഗ്രികൾച്ചർ പമ്പുകളുടെ (7.5 എച്ച്പി വരെ ശേഷിയുള്ളവ) സൗരോർജ്ജവൽകരണം. ഇതിൽ Component - A യും, C യുടെ ഒരു പാർട്ടും നടപ്പാക്കുന്ന ഏജൻസി കെ.എസ്.ഇ.ബി.എൽ. ആണ്. Component - B യും, സി യുടെ ഒരു പാർട്ടും അനെർട്ട് മുഖേനയാണ് നടപ്പിലാക്കുന്നത്. ഇതിൽ Component Aയ്ക്കായി എം.എൻ.ആർ.ഇ.യിൽ നിന്ന് 40 മെഗാവാട്ടിനാണ് കെ.എസ്.ഇ,.ബി.എൽ. ന് അനുമതി ലഭിച്ചിട്ടുള്ളത്. കർഷകരുടെ ഭൂമിയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉത്പ്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൃഷിക്കാർക്ക് അവരുടെ ഉടമസ്ഥതയിലുള്ള തരിശ്ശായതോ കൃഷി യോഗ്യമല്ലാത്തതോ ആയ ഭൂമി സൗരോർജ്ജ നിലയത്തിന് ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാൻ ഈ പദ്ധതി അവസരമൊരുക്കുന്നു. കർഷകർക്ക് സ്വന്തം ചെലവിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ച് അതിൽ നിന്ന് ലഭിക്കുന്ന സൗരോർജ്ജം |

കെ..എസ്.ഇ.ബി.എൽ. - ന് വിൽക്കാം. കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ടെൻഡർ വഴി നിശ്ചയിക്കുന്ന താരിഫ് പ്രകാരം കെ..എസ്.ഇ.ബി.എൽ. വാങ്ങുന്നതാണ്. ഇതിനു താത്പര്യമുള്ളവർ ടെൻഡർ പ്രക്രിയയിൽ പങ്കെടുക്കേണ്ടതാണ്. കർഷകർക്ക് സ്വന്തം നിലയ്ക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കഴിയുന്നില്ലെങ്കിൽ അവർക്ക് ഡെവലപ്പർ വഴി പ്ലാന്റ് സ്ഥാപിക്കാൻ കഴിയും. ഭൂമി പാട്ടത്തിന് നൽകുന്നതിനായി കർഷകനും ഡെവലപ്പറും തമ്മിൽ ഒരു ഉഭയകക്ഷി ഉടമ്പടി വയ്ക്കാൻ കഴിയും. ഡെവലപ്പർ കർഷകരുടെ ഭൂമിയിൽ 25 വർഷത്തേക്ക് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുകയും അതിൽ നിന്ന് ഉത്പ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പരമാവധി യൂണിറ്റിന് 20 പൈസ എന്ന നിരക്കിൽ സ്ഥല വാടക കർഷകന് നൽകുന്നതുമാണ്. പ്രതിവർഷം കുറഞ്ഞത് ഒരേക്കറിൽ നിന്ന് 50,000/- രൂപ വരെ വരുമാനം ലഭിക്കാൻ ഉതകുന്നതുമാണ് ഈ പദ്ധതി. സബ്സ്റ്റേഷനിൽ നിന്ന് 5 കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന, കൃഷി ഭൂമിയോ, കൃഷിയോഗ്യമല്ലാത്തതോ അല്ലെങ്കിൽ തരിശായതോ ആയ കർഷകരുടെ ഭൂമിയിൽ മാത്രമേ പദ്ധതി നടപ്പാക്കുകയുള്ളു. കുറഞ്ഞത് 500 കിലോവാട്ട് മുതൽ പരമാവധി 2 മെഗാവാട്ട് വരെ ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളാണ് സ്ഥാപിക്കുന്നത്. ആയതിനാൽ കുറഞ്ഞത് 2 ഏക്കർ വരെ സ്ഥലം ഉണ്ടായിരിക്കണം. കർഷകർക്ക് സ്വന്തം നിലയ്ക്കോ കുറച്ചു പേർ ചേർന്നോ/കോ-ഓപ്പറേറ്റീവ്സ്/ പഞ്ചായത്ത്/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ/വാട്ടർ യൂസർ ഓർഗനൈസേഷൻ എന്നീ ഏതെങ്കിലും നിലയിലോ പദ്ധതിയിൽ പങ്കുചേരാവുന്നതാണ്. കെ.എസ്.ഇ.ബി.എൽ.ന്റെ വെബ്സൈറ്റിൽ ഇതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയ്ക്കായി ഭൂമി പാട്ടത്തിന് നൽകാൻ താത്പര്യമുള്ളവർക്ക് വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും ഇതിനായുള്ള സമ്മതപത്രവും ഭൂമിയെ സംബന്ധിച്ചുള്ള അനുബന്ധരേഖകളും ബന്ധപ്പെട്ട ഇലക്ട്രിക്കൽ സർക്കിൾ മുഖാന്തിരം നൽകാവുന്നതുമാണ്. Component - B എന്നത് വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ കാർഷിക പമ്പുകൾ സോളാറിലേക്ക് മാറ്റുന്ന പദ്ധതിയാണ്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാരും 30 ശതമാനം സംസ്ഥാന സർക്കാരും സബ്സിഡി

| | | | |
|---|---|---|---|
| | | | നൽകുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിന് കൃഷിസ്ഥലം വൈദ്യുതി എത്താത്ത സ്ഥലമായിരിക്കണം. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഡീസൽ പമ്പുകൾ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളൂ. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം. ഇതിനു മുകളിൽ ഉള്ള പമ്പുകൾ ഉൾപ്പെടുത്താമെങ്കിലും അവയ്ക്കുള്ള സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു. Component - C യുടെ ഒരു പാർട്ടായ കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിയാണ് അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര നവ-നവീന ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) നിശ്ചയിക്കുന്ന ബഞ്ച് മാർക്ക് വിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ സബ്സിഡിയാണ്. ടെണ്ടർ നിരക്കിന്റെ 40 ശതമാനം ഗുണഭോക്താക്കളും, ബാക്കി തുക അനെർട്ടുമാണ് നൽകുന്നത്. Component സി പദ്ധതിപ്രകാരം കൃഷിയിടങ്ങളിൽ KSEBL വൈദ്യുത കണക്ഷൻ എടുത്തിട്ടുള്ളവയും, കാർഷിക പമ്പുകൾ ആ വൈദ്യുതിയിൽ പ്രവർത്തിക്കുന്നവയും ആയിരിക്കണം. കാർഷികാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന വൈദ്യുത പമ്പുകൾ ആണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പമ്പിന്റെ ശേഷി 1 HP മുതൽ 7.5 HP വരെയായിരിക്കണം. ഇതിനു മുകളിൽ ഉള്ള പമ്പുകൾക്ക് സബ്സിഡി 7.5 HP പമ്പുകൾക്ക് ലഭിക്കുന്ന സബ്സിഡി തുകയായി നിജപ്പെടുത്തിയിരിക്കുന്നു. കൃഷിയിടങ്ങൾ കാർബൺ രഹിതമാക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് പ്രധാനമന്ത്രി - കുസും പദ്ധതി വളരെയധികം സഹായകരമാണ്. കൃഷി ആവശ്യം കഴിഞ്ഞ് ഉത്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി.എൽ. - ന് നൽകുന്നതിലൂടെ കർഷകർക്ക് അധിക വരുമാനവും ഈ പദ്ധതിയിലൂടെ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ